സർക്കുലർ നമ്പർ. 40/2006

വിഷയം: വിവരാവകാശ നിയമം 2005 - സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പിലാക്കുന്നത്

സൂചന: സഹകരണസംഘം രജിസ്ട്രാറുടെ 1.6.06-ലെ 23/06 നമ്പർ സർക്കുലർ.

സൂചന സർക്കുലറിലെ (4)-മത്തെ ഖണ്ഡിക താഴെ പറയും പ്രകാരം ഇതിനാൽ മാറ്റം വരുത്തിയിരിക്കുന്നു.

(1) സഹകരണസംഘങ്ങൾ/ബാങ്കുകൾ പ്രത്യേകം "പബ്ലിക് അതോറിറ്റി" ആയതിനാൽ അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകേണ്ടത് അതത് സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ ഇത്തരത്തിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് ഈ വകുപ്പിലെ ഏതെങ്കിലും ആഫീസിൽ/പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് അപേക്ഷ ലഭിക്കുകയാണെങ്കിൽ, പ്രസ്തുത വിവരങ്ങൾ ടി ആഫീസിൽ നിന്നും നൽകാൻ കഴിയുന്നില്ലെങ്കിൽ അപേക്ഷ യാതൊരു കാരണവശാലും നിരസിച്ചുകൊണ്ട് അപേക്ഷകന് മടക്കി നൽകാൻ പാടില്ല. പ്രസ്തുത വിവരങ്ങൾ നൽകുവാൻ നിർദേശിച്ചുകൊണ്ട് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് അപേക്ഷ അയച്ചു കൊടുക്കുകയും ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ് (വകുപ്പ് 6 (3). സഹകരണ സ്ഥാപനങ്ങൾ അപേക്ഷ നിരസിച്ചുകൊണ്ടുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീലുകൾ അതത് സ്ഥാപനങ്ങളിലെ 'അപ്പ്ലറ്റ് അതോറിറ്റി' ആണ് തീർപ്പാക്കേണ്ടത്. പ്രസ്തുത അപ്പീലുകൾ ഈ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതില്ല. പ്രസ്തു അപ്പീലുകൾ ലഭിക്കുകയാണെങ്കിൽ ഇക്കാര്യം അപ്പീൽ നൽകുന്ന ആളിനെ രേഖാമൂലം അറിയിക്കണം. അതത് സ്ഥാപനങ്ങളിൽ ഒന്നാമത്തെ അപ്പീൽ നൽകിയ ശേഷം പരിഹാരം കാണുവാൻ കഴിഞ്ഞില്ലെങ്കിൽ രണ്ടാമത്തെ അപ്പീൽ 'സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം 39' എന്ന വിലാസത്തിൽ നൽകുവാനും ആവശ്യപ്പെടണം.

സഹകരണസ്ഥാപനങ്ങളിലെ ഹെഡ്ഡാഫീസിലും ഓരോ ബ്രാഞ്ചുകളിലും പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരേയും അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർമാരെയും പ്രത്യേകം പ്രത്യേകം നിയമിക്കേണ്ടതാണ്. ഒരു സ്ഥാപനത്തിന് മൊത്തമായി വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം ഒരു 'അപ്പലറ്റ് അതോറിറ്റി'യേയയും നിയമിക്കണം. ഇപ്രകാരം നിയമിച്ച വിവരവും വിവരാവകാശ നിയമത്തിലെ വകുപ്പ് 4(1) (ബി) പ്രകാരമുള്ള വിശദാംശങ്ങളും സർക്കാർ വെബ്സൈറ്റിൽ ഉടനടി നിർബന്ധമായും പ്രസിദ്ധീകരിച്ചിരിക്കുകയും വേണം. ആയതിനായി പ്രസ്തുത വിവരങ്ങൾ "ഇൻഫർമേഷൻ ആഫീസർ (പി ആന്റ് ഡി), ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (അനക്സ്), തിരുവനന്തപുരം-1" എന്ന വിലാസത്തിൽ അയച്ചു കൊടുത്താൽ മതിയാ

കും. അപ്പീലിന് പ്രത്യേകം ഫീസ് ഒടുക്കേണ്ടതില്ല. ആദ്യത്തെ അപേക്ഷ സംബന്ധിച്ച്, അപേക്ഷകൻ ദാരിദ്രരേഖയ്ക്ക് താഴെ വരുന്ന ആളായാൽ തെളിവ് ഹാജരാക്കുന്ന പക്ഷം അപേക്ഷയോടൊപ്പവും വിവരങ്ങൾ നൽകുന്നതിനും ഫീസ് ഈടാക്കുവാൻ പാടില്ല. (ജി.ഒ.(സാധാ.) നമ്പർ. 8026/05/പൊതു ഭരണ വകുപ്പ് തീയതി 19/10/05)

മേൽ വിവരങ്ങൾ ഈ വകുപ്പിലെ ആഫീസർമാരും സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇവ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ (ആഡിറ്റ്/ജനറൽ) ഉറപ്പു വരുത്തേണ്ടതും സുചന (1) സർക്കുലറിലെയും ഈ സർക്കുലറിലെ നിർദേശങ്ങളും എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ ഉടനടി കൊണ്ടു വരേണ്ടതുമാണ്.

(ഒപ്പ്)

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്).

1. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും
2. എല്ലാ ഫെഡറൽ/ജില്ലാ സഹകരണ സ്ഥാപനങ്ങൾക്കും.
3. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ ജില്ലകൾക്കും.
5. സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) എല്ലാ ജില്ലകൾക്കും.
6. സഹകരണസംഘം (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ സർക്കിളും.
7. സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) എല്ലാ സർക്കിളും.
8. എല്ലാ പ്രൈമറി സഹകരണ സ്ഥാപനങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
9. രജിസ്ട്രാറുടെ പി.എ.യ്ക്ക്
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവന്മാർക്കും.
12. സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
13. സ്റ്റോക്ക്/സ്പെയർ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.